# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 466 — 24.10.2016 ൽ - മറുപടിക്ക്

## അന്ത്യോദയ അന്നയോജന പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. നൗഷാദ്<br>,, എ.എം. ആരിഫ്<br>പ്രൊഫ. കെ.യു. അരുണൻ<br>,, എസ്. രാജേന്ദ്രൻ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് അന്ത്യോദയ അന്നയോജന പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) ഉണ്ട്. സംസ്ഥാനത്ത് അനുവദനീയമായ എ.എ.വൈ. കാർഡുകളുടെ എണ്ണം 595800 ആണെങ്കിലും 582365 എ.എ.വൈ. കാർഡുകൾ മാത്രമാണ് നിലവിലുളളത്. അർഹത പരിശോധിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ശുപാർശ ചെയ്യുന്നതനുസരിച്ചാണ് ഗുണഭോക്താക്കളെ എ.എ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. ഇപ്രകാരം തയ്യാറാക്കുന്ന ലിസ്റ്റ് പ്രകാരം ഒഴിവുകൾ നികത്തി വരുന്നു. ഭക്ഷ്യ ഭദ്രതാ നിയമം വിഭാവനം ചെയ്യുന്ന മുൻഗണനാ വിഭാഗത്തെ കണ്ടെത്തലിലൂടെ അനുവദനീയമായതും അർഹരായതുമായ 595800 ഗുണഭോക്താക്കളെ സംസ്ഥാനത്ത് കണ്ടെത്തുവാൻ സാധിക്കുന്നതാണ്. |
| (ബി) പ്രസ്തുത പദ്ധതിയ്ക്കായി കേന്ദ്രസർക്കാർ നടപ്പുവർഷം പ്രതിമാസം എത്ര ടൺ അരിയാണ് അനുവദിച്ചിരിക്കുന്നത്; | (ബി) പ്രസ്തുത പദ്ധതിയ്ക്കായി കേന്ദ്ര സർക്കാർ നടപ്പു വർഷം പ്രതിമാസം 20855 മെ.ടൺ അരിയാണ് അനുവദിച്ചിരിക്കുന്നത്. |
| (സി) ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ ആരൊക്കെയാണ്; | (സി) സാമൂഹ്യമോ കുടുംബപരമോ ആയി സഹായമില്ലാത്ത വിധവകളോ വാർദ്ധക്യാധിക്യ രോഗ ബാധിതരോ അംഗവൈകല്യമുളളവരോ, 60 വയസ്സോ മുകളിലോ പ്രായമുളള ഗൃഹനാഥൻ/ ഗൃഹനാഥയുളള കുടുംബങ്ങൾ, സാമൂഹ്യമോ കുടുംബപരമോ ആയി സഹായമില്ലാത്ത വിധവകളോ |

വാർദ്ധക്യാധിക്യ രോഗ ബാധിതരോ അംഗവൈകല്യമുള്ളവരോ, 60 വയസ്സോ മുകളിലോ പ്രായമുള്ളവരോ ഏകയായ സ്ത്രീയോ പുരുഷനോ, പ്രാക്തന (പ്രാചീന ) ഗോത്ര വർഗ്ഗ കുടുംബങ്ങൾ എന്നിവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ.

(ഡി) പ്രസ്തുത പദ്ധതി ഫലപ്രദമായി നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) കുഷ്ഠരോഗ ബാധിതർ, വിട്ടുമാറാത്തതും മാരകവുമായ എയ്ഡ്സ് പോലുള്ള രോഗങ്ങൾക്ക് അടിമപ്പെട്ടവർ, ക്യാൻസർ ബാധിച്ച് പാലിയേറ്റീവ് ക്ലിനിക്കിൽ പരിചരണത്തിലുള്ളവർ, നിരന്തര ചികിത്സയ്ക്ക് വിധേയരാകുന്നവർ, പരാശ്രയമില്ലാത്ത വൃദ്ധ ദമ്പതികൾ, കുടുംബനാഥന്റെ ആകസ്മിക മരണം മൂലം അനാഥരാകുന്നവർ, പ്രതികൂല ചുറ്റുപാടിൽ കഴിയുന്നവർ എന്നിവരെ കൂടി ഉൾപ്പെടുത്തികൊണ്ട് ഈ പദ്ധതി വിപുലമാക്കിയിട്ടുണ്ട്.

(ഇ) മുൻ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതി നടത്തിപ്പിന്റെ ഭാഗമായി റേഷൻ വ്യാപാരികൾക്ക് കുടിശ്ശിക കൊടുത്തു തീർക്കാനുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ ?

(ഇ) ഉണ്ട്. മുൻ സർക്കാരിന്റെ കാലത്ത് എ.എ.വൈ കമ്മീഷൻ കുടിശ്ശിക ഏകദേശം 10 കോടി രൂപയാണ്. ഇതു നൽകാൻ അഡീഷണൽ ഫണ്ട് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

*സെക്ഷൻ ഓഫീസർ*